പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5902 08.07.2013 ലെ മറുപടിക്ക്

## ഉത്തരാഖണ്ഡിലെ പ്രളയക്കെടുതിയിൽപ്പെട്ട തീർത്ഥാടകരുടെ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | ശ്രീ കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) ഉത്തരാഖണ്ഡിലെ പ്രളയക്കെടുതിയിൽപ്പെട്ട തീർത്ഥാടകരെ സംരക്ഷിക്കുന്നതിന് സർക്കാരിന്റെ ഒരു സഹായവും ലഭ്യമായില്ലെന്ന തീർത്ഥാടകരുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ; | എയും, ബിയും) ഉത്തരാഖണ്ഡിലെ പ്രളയക്കെടുതിയിൽപ്പെട്ട തീർത്ഥാടകരെ സംരക്ഷിക്കുന്നതിന് ന്യൂഡൽഹി കേരള ഹൗസിലെ റസിഡന്റ് കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു ഉദ്യോഗസ്ഥ സംഘത്തെ പ്രളയബാധിത പ്രദേശത്തേക്ക് നിയോഗിക്കുക യുണ്ടായി. ഈ സംഘത്തിന് ആവശ്യമായ ഗതാഗത സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. പ്രളയക്കെടുതിയിൽപ്പെട്ട തീർത്ഥാടകരെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനും രക്ഷാ പ്രവർത്തനങ്ങളുടെ ഏകോപനത്തിനുമായി നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള ഹൗസിൽ കൺട്രോൾ റൂം പ്രവർത്തിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെയും ഉത്തരാഖണ്ഡ് സർക്കാരിന്റെയും സൈന്യത്തിന്റെയും സംയുക്ത രക്ഷാപ്രവർത്തനത്തിൽ രക്ഷപ്പെടുത്തി ഋഷികേശ്, ഹരിദ്വാർ, ഡെറാഡൂൺ എന്നിവിടങ്ങളിലെത്തിച്ച മലയാളികൾക്ക് ആവശ്യമായ ഗതാഗത, ഭക്ഷണ, താമസ സൗകര്യങ്ങളൊരുക്കി |

| | |
|---|---|
| | ഡൽഹി വഴി<br>കേരളത്തിലെത്തിക്കുകയുണ്ടായി. |
| സി) തീർത്ഥാടകരെ സംരക്ഷിക്കാൻ സർക്കാർ എന്തു തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ ? | സി) ഉത്തരാഖണ്ഡ് പ്രളയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഡൽഹിയിലെ എൻ.ആർ.കെ ഡവലപ്പ്മെന്റ് ഓഫീസറുടെ പേരിൽ 5 ലക്ഷം രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്. ഇതുവരെ 2,69,620 രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ